
ISSN 2319-3263

കേരള
സാഹിത്യ
അക്കാദമി

# സാഹിത്യ ലോകം

വാല്യം 51 | ലക്കം 2 ● 2022 മാർച്ച്-ഏപ്രിൽ




Scanned with CamScanner

# സാഹിത്യലോകം

ദ്വൈമാസിക

പുസ്തകം 51 ലക്കം 2

2022 മാർച്ച്-ഏപ്രിൽ

വില : 40 രൂപ

വാർഷിക വരിസംഖ്യ : 240 രൂപ



*പത്രാധിപസമിതി*

*പ്രസിഡന്റ്* | **സച്ചിദാനന്ദൻ**

*സെക്രട്ടറി & എഡിറ്റർ* | **പ്രൊഫ. സി.പി. അബൂബക്കർ**

*കൺവീനർ* | **ബി.എം. സുഹ്റ**

*സബ് എഡിറ്റർ* | **എൻ.ജി. നയനതാര**

*അംഗങ്ങൾ*

**ഡോ. സുനിൽ പി. ഇളയിടം**

**ബെന്യാമിൻ**

**ഡോ. മ്യൂസ് മേരി ജോർജ്ജ്**

**പി.വി.കെ. പനയാൽ**

*കവർ ഡിസൈൻ & ലേ-ഔട്ട്* | **രാജേഷ് ചാലോട്**

*പ്രൂഫ്* | **ടി.എസ്. സന്തോഷ്**



*അച്ചടിനിർവ്വഹണം*

കാർമ്മൽ ഓഫ്സെറ്റ്, തൃശ്ശൂർ.



*വിലാസം*

**കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ-680 020**

E-mail: office@keralasahityaakademi.org

editorial@keralasahityaakademi.org

Website: keralasahityaakademi.org



Printed and published by C.P. Aboobacker on behalf of Kerala
hitya Akademi, Thrissur and printed of Carmel Offset, Thrissur
nd Published at Kerala Sahitya Akademi, P.B. No. 501, Thrissur
District, Kerala state. Editor : C.P. Aboobacker.


Scanned with CamScanner

# ഉള്ളടക്കം


07 ആദിവാസി സാഹിത്യത്തിന്റെ
കേരളീയവർത്തമാനം
**ഡോ. അസീസ് തരുവണ**

21 ഭാഷാവൈവിദ്ധ്യവും ഭാഷാമരണവും കേരളത്തിൽ
**ഡോ. ലിജിഷ എ.ടി.**

35 മലയാള ജനപ്രിയനോവലുകളും
ജൈവഭാഷാ പഠനസാദ്ധ്യതകളും
**ഡോ. സുനിൽ വി.വി.**

45 ജനപ്രിയതയും നാടകഗാനങ്ങളും
**ഡോ. അജിത് കെ. പി.**

59 വ്യക്തിനാമം ഒരു പ്രത്യയശാസ്ത്ര ഉൽപന്നം
**ഫ്രാങ്ക്ളിൻ ബി. വർഗ്ഗീസ്**

69 പൂതപ്പാട്ട്: ആർണെ
- തോംസൺ - ഉഥർ
സൂചികയിലെ 926-ാം
ടൈപ്പ് കഥകളും
ഉടമസ്ഥാവകാശവും
**ഡോ. ലക്ഷ്മി പി.**

85 ഗോത്രജീവിതവും
നാഗരികതയും
നാരായന്റെ കഥകളിൽ
**ഡോ. സുബിൻ ജോസ് കെ.**

93 മിഠായിപ്പൊതി:
പാരിസ്ഥിതിക കഥകളുടെ
ബാലരൂപം
**രമ്യ കെ.**




Scanned with CamScanner

ഡോ. അസീസ് തരുവണ

# ആദിവാസി സാഹിത്യത്തിന്റെ കേരളീയവർത്തമാനം

ആദിവാസിസാഹിത്യം ഇന്നൊരു സാർവ്വദേശീയ സാഹിത്യപ്രസ്ഥാനമാണ്. ഓരോ രാജ്യത്തെയും പ്രാചീനജനത, സ്വന്തം സ്വത്വത്തെയും അസ്തിത്വത്തെയും സംബന്ധിച്ച അന്വേഷണങ്ങളിലേർപ്പെട്ടതിന്റെ ഫലമാണ് ഈ സാഹിത്യധാര. തദ്ദേശീയമായ ചില ആവരണങ്ങളും സ്വഭാവസവിശേഷതകളുമുണ്ടെങ്കിലും പൊതുവായ ചില തന്തുക്കൾ ലോകമെമ്പാടുമുള്ള ആദിവാസി സാഹിത്യത്തെ ബന്ധിപ്പിക്കുന്നതായി കാണാം. എഴുത്തിന്റെ സൗന്ദര്യശാസ്ത്രം അതിൽ പ്രധാനമാണ്. കലാസ്വാദനത്തിന്റെ ദാർശനികമായ വ്യാഖ്യാനമാണല്ലോ സൗന്ദര്യശാസ്ത്രം. പാശ്ചാത്യവും പൗരസ്ത്യവുമായ സൗന്ദര്യശാസ്ത്രങ്ങൾ മുന്നോട്ടുവയ്ക്കുന്ന ആശയപരിസരമല്ല ആദിവാസി സൗന്ദര്യശാസ്ത്രത്തിന്റേത്. പാശ്ചാത്യ, പൗരസ്ത്യസൗന്ദര്യശാസ്ത്ര പദ്ധതികളൊന്നും ആദിവാസികളുടെ കലയെയോ കലാനുഭവങ്ങളെയോ അഭിസംബോധന ചെയ്യുന്നവയല്ല. വരേണ്യമായ മുഖ്യധാരാസൗന്ദര്യസങ്കല്പങ്ങൾക്ക് പുറത്തായിരുന്നു ആദിവാസികളും ആദിവാസി സർഗ്ഗാവിഷ്കാരങ്ങളും. മുഖ്യധാരാകലാദർശനപൈതൃകവും തത്ത്വചിന്തയും,




Scanned with CamScanner

വരേണ്യവും മേൽക്കോയ്മവർഗ്ഗാധിഷ്ഠിതവുമായ സൗന്ദര്യസങ്കല്പങ്ങളെയാണ് അഭിസംബോധന ചെയ്തതും സൈദ്ധാന്തികവത്കരിച്ചതും. "യൂറോകേന്ദ്രീകൃതവും സംസ്കൃതകേന്ദ്രീകൃതവുമായ വിമർശനക്കോയ്മയാണ് ആധുനികസാഹിത്യം. വരേണ്യപുരാണങ്ങളെയും വ്യക്തിനിർമ്മിതമായ സാഹിത്യപാഠത്തെയും ആസ്പദമാക്കിയതാണ് അഭിജാതസൗന്ദര്യ ദർശനങ്ങൾ. മാനവരാശിയോളം പഴക്കമുള്ള വാമൊഴിപാരമ്പര്യത്തിന്റെ പ്രാചീന സൗന്ദര്യനിയമങ്ങൾ തിരസ്കരിക്കുകവഴി ജനതയുടെ കലാചരിത്രത്തെത്തന്നെ അവഗണിക്കുകയായിരുന്നു ആ ദർശനങ്ങൾ."[1]


കേരളത്തിൽ, ആദിവാസികളുടെ കലാവിഷ്കാരങ്ങളും സൗന്ദര്യശാസ്ത്രവും ഒരു പഠനവിഷയമായത് സമീപകാലത്താണ്. ആദിവാസിസ്വത്വംപോലും നമ്മുടെ അക്കാദമിക് പഠനങ്ങളുടെ പുറത്തായിരുന്നു. സൗകര്യത്തിനു വേണ്ടി ദലിത് സാഹിത്യത്തിന്റെ പരിധിയിൽ ആദിവാസിസാഹിത്യത്തെയും ഉൾപ്പെടുത്തുകയാണു ചെയ്യാറുള്ളത്. തീർച്ചയായും ഇന്ത്യനവസ്ഥയിൽ ആദിവാസിസാഹിത്യത്തിനും ദലിത്സാഹിത്യത്തിനും ബന്ധുത്വമുണ്ട്. മറാഠി ദലിത് എഴുത്തുകാരിൽ പ്രഗല്ഭരായ ആത്മാരാം റത്തോഡ്, ലക്ഷ്മൺ മനെ, ലക്ഷ്മൺ ഗെയ്ക്‌വാദ് തുടങ്ങിയവരെല്ലാം നാടോടി ആദിവാസി വിഭാഗങ്ങളിൽപ്പെട്ടവരാണ്. ആദിവാസിസാഹിത്യശാഖ സമീപകാലത്ത് രൂപപ്പെട്ടതാകയാലും, എഴുത്തിലും വീക്ഷണത്തിലും ആദിവാസി എഴുത്തുകാർ ദലിതുകളുമായി ഐക്യപ്പെട്ടതിനാലും, ആദിവാസി ദലിത് വിഭജനം അനിവാര്യമായിരുന്നില്ല എന്നു പറയുന്നതാവും ശരി. അതേസമയം ആദിവാസിസാഹിത്യം ആഗോളവ്യാപകമാണ്. ദലിത് സാഹിത്യമാകട്ടെ, ഇന്ത്യയിലൊതുങ്ങുന്നതും. ജാതി പോലും ദക്ഷിണേഷ്യൻ ഉപഭൂഖണ്ഡത്തിന്റെ മാത്രം സവിശേഷതയാണ്.

എന്തുതന്നെയായാലും, മൂവായിരം വർഷത്തെ ഭ്രഷ്ടിലും അടിമത്തത്തിലും നരകയാതന അനുഭവിച്ച ഇന്ത്യയിലെ ദലിത്, ആദിവാസി ജനത, അനുഭവത്തിന്റെ ഒരു വൻകരതന്നെ അവരുടെ രചനകളിലൂടെ ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. തങ്ങളെ അടിമകളും കീഴാളരുമാക്കിയവർക്കെതിരേ സർഗ്ഗാത്മകമായി അവർ പകരംവീട്ടിക്കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള ഭാരതീയ ഫാസിസത്തെ അവർ തീക്ഷ്ണമായ ചോദ്യശരങ്ങൾകൊണ്ട് നേരിട്ടുകൊണ്ടിരിക്കുന്നു.

"മനുവിനെ
മുറ്റത്തെ ആര്യവേപ്പിൽ
തലകീഴായി,
നഗ്നനായി കെട്ടിത്തൂക്കി
ഞാനയാളുടെ രക്തധമനികൾ
കുത്തിക്കീറി നോക്കും;



ജയന്ത് പാർമർ



ലാൽസിങ് ദിലീപ്

എന്റെ പൂർവ്വികരുടെ
എത്ര രക്തമയാൾ
കുടിച്ചിട്ടുണ്ടെന്നറിയാൻ" എന്ന് ഗുജറാത്തി കവി ജയന്ത് പാർമർ.

"നൂറ്റാണ്ടുകളുടെ കല്ലുകൾ
തീർത്ത കണ്ണീരിന്റെ
പിരമിഡുകളിൽ
നിലവിളി കുത്തിനിറയ്ക്കപ്പെട്ട
മമ്മികളാണ് ഞങ്ങൾ.
എങ്കിലും ഞങ്ങളുടെ
ആലകളിൽ ഞങ്ങൾ
സ്വന്തം ഭാഗധേയം വാർക്കുന്നു"

എന്ന് യശ്വന്ത്വഗേല. അദ്ദേഹത്തിന്റെ 'അസ്തിത്വം' എന്ന കവിത ഇങ്ങനെ:

"ഇവിടെ
അവർക്കറിയാം ഞാനാരെന്ന്.
എന്നാലും അറിയില്ലെന്നു നടിച്ച്
അവരെന്നോട് ചോദിക്കുന്നു:

'നീയാരാണ്?'

ഞാൻ അവരോട് പറയുന്നു:

'ഈ തല ശംബൂകന്റേതാണ്.
ഈ കൈകൾ ഏകലവ്യന്റേത്.
ഈ ഹൃദയം കബീറിന്റേത്
ഞാൻ ജാബാലാ സത്യകാമനാണ്.

എങ്കിലും, ഈ പാദങ്ങൾ ഇപ്പോഴും
തൊട്ടുകൂടാത്തവയാണ്
ഇന്ന്
ഞാനൊരു മനുഷ്യനാണ്
നിങ്ങൾക്കതുപോരേ?
പക്ഷേ, പറയൂ
നിങ്ങളാരാണ്?"

ആദിവാസികളുടെ അനുഭവലോകം ദലിതരെക്കാൾ തീക്ഷ്ണമാകയാൽ അവരുടെ ആവിഷ്കാരങ്ങൾ അത്യുഗ്രസ്ഫോടനശേഷിയുള്ളതാണ്. ഭൂതകാലത്തിലെ ചോരയൊലിക്കുന്ന അനുഭവലോകം ആവിഷ്കരിക്കുന്നതോടൊപ്പം നഷ്ടപ്പെട്ട ചരിത്രം വീണ്ടെടുക്കാനും വർത്തമാനകാലത്തെ തലകീഴായി കെട്ടിത്തൂക്കി വിചാരണചെയ്യുവാനും അവർ സാഹിത്യത്തെ ഉപയോഗിക്കുന്നു. ലാൽസിങ് ദിലിന്റെ 'ആദിവാസിസ്ത്രീകൾ' എന്ന കവിതയിൽ,

മുഖ്യധാരാഭാഷകളിലും ആദിവാസിഭാഷകളിലും രചന നിർവ്വഹിക്കുന്ന എഴുത്തുകാർ ഇന്ന് ആദിവാസിസാഹിത്യത്തിലുണ്ട്. ഭീലി, സന്താളി, ബോഡോ, മുണ്ടാരി, ഗാരോമിസോ, ലെപ്ച്ചാ, ആവോ, അഗോമി, ആദി, ഹോഗാമിറ്റ്, കോക്ബൊറോക്ക്, തുടങ്ങിയ ഭാഷകളിലും ഇംഗ്ലീഷിലുമാണ് ഇന്ന് ആദിവാസിരചനകൾ ശക്തിപ്പെട്ടിട്ടുള്ളത്.




"ആദിവാസിസ്ത്രീകൾ വരുന്നു/ഒക്കത്ത് കുഞ്ഞുങ്ങളെയുംവെച്ച്
പാതി അഴുകിയ പഴങ്ങൾ വാങ്ങിക്കുന്നു/അവർ പറയുന്നു;
ഞങ്ങൾ രാജ്ഞിമാരായിരുന്നു/കാട്ടിലേക്ക് വിവാഹംകഴിച്ചയച്ചവർ
ഈ അരിവാൾ/ഞങ്ങളുടെ പുരുഷന്മാരുടെ
കയ്യിലെ വാളുകളായിരുന്നു."

ദലിത് സാഹിത്യത്തെ ദലിതർ എഴുതുന്നത് എന്ന് നിർവ്വചിക്കുന്നവരുണ്ട്. എന്നാൽ, അർജ്ജുൻ ഡാംഗ്ലേയുടെ *പോയ്സൺഡ് ബ്രഡ്* (1994) എന്ന ഗ്രന്ഥത്തിൽ ദലിത് സാഹിത്യത്തെ മതം, ജാതി തുടങ്ങിയവയുടെ പേരിൽ സാമൂഹികമായും സാമ്പത്തികമായും സാംസ്കാരികമായും പീഡിപ്പിക്കപ്പെടുന്ന വിഭാഗത്തിന്റെ സാഹിത്യം എന്ന് വിശാലമായി നിർവ്വചിക്കുന്നു.[2] കാഞ്ച ഇലയ്യയുടെ 'ദലിത് ബഹുജൻ' സങ്കല്പത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റ് പിന്നാക്ക, ന്യൂനപക്ഷ, അധഃസ്ഥിത, പീഡിതമർദ്ദിത ജനത മുഴുവൻ ഉൾച്ചേരുന്നു. ദലിതുകൾ തങ്ങൾക്കപ്പുറം ആദിവാസികൾ, മറ്റ് പിന്നാക്ക ജാതികൾ (മുൻ ശൂദ്ര വിഭാഗങ്ങൾ), കർഷകർ, സ്ത്രീകൾ, മർദ്ദിതദേശീയതകൾ എന്നിങ്ങനെ അടിച്ചമർത്തപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും പ്രാന്തവത്കരിക്കപ്പെടുകയും ചെയ്ത എല്ലാ വിഭാഗങ്ങളുമായും



*അർജ്ജുൻ ഡാംഗ്ലേ*



*കാഞ്ച ഇലയ്യ*

ഒന്നിക്കണമെന്നത് ദലിത് രാഷ്ട്രീയത്തിന്റെ കാതലായ വാദമാണിന്ന്. ഈയൊരർത്ഥത്തിൽ ആദിവാസിസാഹിത്യത്തെ കൂടി ഉൾക്കൊള്ളാൻ മാത്രം ദലിത് സാഹിത്യം വിശാലമാണ്. എന്നാൽ, ഇത് ദലിത് സൈദ്ധാന്തികർ മുഴുവൻ അംഗീകരിക്കുന്ന നയമല്ലതാനും. ദലിത്സാഹിത്യത്തിന്റെയും ആദിവാസിസാഹിത്യത്തിന്റെയും ഇന്ത്യയിലെ പൊതുശത്രു സവർണ്ണപ്രത്യയശാസ്ത്രമാണ്. വർണ്ണസമ്പ്രദായത്തിനെതിരേ ചൂഷണമുക്തവും ഹിംസാരഹിതവുമായ ഒരു സമൂഹമെന്ന സ്വപ്നം ഇരുസാഹിത്യപ്രസ്ഥാനങ്ങളും ഉയർത്തിപ്പിടിക്കുന്നു.

മുഖ്യധാരാഭാഷകളിലും ആദിവാസിഭാഷകളിലും രചന നിർവ്വഹിക്കുന്ന എഴുത്തുകാർ ഇന്ന് ആദിവാസിസാഹിത്യത്തിലുണ്ട്. ഭീലി, സന്താളി, ബോഡോ, മുണ്ടാരി, ഗാരോമിസോ, ലെപ്ച്ചാ, ആവോ, അഗോമി, ആദി, ഹോഗാമിറ്റ്, കോക്ബ്പൊറോക്ക്, തുടങ്ങിയ ഭാഷകളിലും ഇംഗ്ലീഷിലുമാണ് ഇന്ന് ആദിവാസിരചനകൾ ശക്തിപ്പെട്ടിട്ടുള്ളത്. വടക്കു കിഴക്കൻ ഇന്ത്യയിലെ ആദിവാസികളേറെയും ഇംഗ്ലീഷിലാണെഴുതുന്നത്. മാമംഗ്ഭായ്, കിംഹാംനോങ്കിന്റി, റോബിൻ ഗാംഗപോൾ ലിംഗഡോ തുടങ്ങിയവർ ഉദാഹരണം. എന്നാൽ ആദിവാസി ഭാഷകളിലെഴുതുന്ന രാംദയാൽമുണ്ഡ, വിനായക് തുറാം, അനിൽ ബോഡോ, നിർമ്മലാ പുതുൽ തുടങ്ങിയവർ ഇപ്പോൾ ഏറെ ശ്രദ്ധേയരാണ്. മറാഠിയിലെ ഭുജംഗ്മേഷ് റാം മുതൽ മലയാളത്തിലെ നാരായൻ വരെ മുഖ്യധാരാ ഭാഷകളിലെഴുതുന്ന ആദിവാസി എഴുത്തുകാരാണ്.[1]

സ്വഗോത്രഭാഷയിലേക്കുള്ള തിരിച്ചുപോക്ക് ലോകത്തിൽ പലയിടത്തും സംഭവിച്ചുകൊണ്ടിരിക്കുന്ന പ്രതിഭാസമാണ്. ആഫ്രിക്കയിലെ കറുത്തവർഗ്ഗക്കാരായ പല എഴുത്തുകാരും മാതൃഭാഷയെ



...പായൽ

...ാത്തലം അവകാശപ്പെടാമെന്നതിനപ്പുറം പ്രാദേശികകേര

Scanned with CamScanner

തിരിച്ചുപിടിച്ചുകൊണ്ടിരിക്കുകയാണ്. കോളനിയനന്തര ആഫ്രോ-അമേരിക്കൻ എഴുത്തുകാരിൽ പ്രമുഖനും കെനിയക്കാരനുമായ ങ്ഗൂങ്ങി (ngugi wa thiong'o) ജയിൽവാസത്തിനിടെ രചിച്ച *ചെയ്താനി മുതറബൈനി* (Caitaani Mutharaba-Ini) എന്ന നോവൽ എഴുതിയത് സ്വന്തം ഭാഷയായ ജികുയുവിലായിരുന്നു.

ഭാഷ ആശയവിനിമയോപാധി എന്നതിനപ്പുറം സാംസ്കാരികചിഹ്നവും ആത്മബലവുമാണ്. ഈയൊരു തിരിച്ചറിവ് ആർജ്ജിച്ച ഇന്ത്യയിലെ ആദിവാസികൾ തങ്ങളുടെ ഭാഷകൾ സംരക്ഷിക്കുന്നതിനു വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സന്താൽ സാഹിത്യ അക്കാദമി, ബോഡോ സാഹിത്യസഭ, ഹമാർ ലിറ്ററേച്ചർ സൊസൈറ്റി, ആൾ ഇന്ത്യ ആദിവാസി കൾച്ചറൽ കമ്മിറ്റി തുടങ്ങിയവ ഈ രംഗത്ത് എടുത്തുപറയേണ്ട സംരംഭങ്ങളാണ്. ലിപിയില്ലാത്ത ചില ആദിവാസി ഭാഷകൾക്കു ലിപിയുണ്ടാക്കുവാനുള്ള ശ്രമങ്ങളും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ഉദാഹരണമായി, സന്താളി ഭാഷയ്ക്ക് അവരുടെ ആത്മീയാചാര്യനായിരുന്ന രഘുനാഥ് മർമു ഉണ്ടാക്കിയ ലിപിയും വ്യാകരണ ഗ്രന്ഥവും എടുത്തു

സമ്പന്നമായ വാമൊഴിസാഹിത്യസമ്പത്തിന് ഉടമകളാണ് കേരളത്തിലെ ആദിവാസികൾ. ലോകത്തിലെങ്ങുമുള്ള ആദിവാസികളുടെ മുഖ്യ സവിശേഷതകളിലൊന്ന്, തലമുറകളായി കൈമാറിവരുന്ന വാമൊഴിസാഹിത്യമെന്ന അക്ഷയഖനിയെ നിലനിർത്തുന്നു എന്നുള്ളതാണ്.

പറയേണ്ടതാണ്. 'ഓൾചിക്കി' എന്നാണ് ആ ലിപി അറിയപ്പെടുന്നത്. സന്താളി ഭാഷയിൽ ഇന്ന് വിപുലമായ സാഹിത്യസമ്പത്തുണ്ട്.

ആസാമിലെ ഖാസി, ആന്ധ്രയിലെ ഗോണ്ടി, ഗുജറാത്തിലെ മെയ്തി തുടങ്ങിയ ഭാഷകളെ ഔദ്യോഗികമായി അംഗീകരിക്കുകയും യൂണിവേഴ്സിറ്റികളിൽ അദ്ധ്യയന മാദ്ധ്യമമാക്കാൻ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഭാഷകൾ ഉപയോഗിക്കുന്നവരിലുണ്ടായ ആത്മബോധം അവരുടെ സാഹിത്യരചനകളിൽ പ്രകടമാണ്. ലക്ഷ്മൺ മാനേയുടെ *ഉപ്ര*, ഗെയ്ക്ക്വാദിന്റെ *ഉചല്യ* എന്നീ കൃതികളിലൂടെ കടന്നുപോയാൽ ഇക്കാര്യം വ്യക്തമാവും.

## ആദിവാസിസാഹിത്യം മലയാളത്തിൽ

തുല്യതയില്ലാത്ത മനുഷ്യാവകാശലംഘനങ്ങൾക്കു വിധേയമായവരാണ് കേരളത്തിലെ ആദിവാസികൾ. 'സമ്പൂർണ്ണമനുഷ്യരായി' അവരെ മേലാളപൊതുബോധം ഒരുകാലത്തും അംഗീകരിച്ചിരുന്നില്ല. അവരെ വിശേഷിപ്പിച്ചിരുന്ന കാടൻ, കാട്ടാളൻ തുടങ്ങിയ വാക്കുകളിലെല്ലാം മാനുഷരല്ലാത്തവർ എന്ന ധ്വനിയും ബോധവുമാണുള്ളത്. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭദശയിൽ പുലയക്കുട്ടികൾക്ക് സ്കൂൾ പ്രവേശനം

അനുവദിക്കാമോ എന്ന ചർച്ച പൊടിപൊടിച്ച കാലത്തൊന്നും 'അതിനുതാഴെ'യുള്ള ജനസമൂഹങ്ങൾ കാര്യമായൊന്നും ചർച്ചയിൽ കടന്നുവന്നിരുന്നില്ല. മണ്ണിൽ കഠിനമായി ജോലിചെയ്ത് വയനാട് അടക്കമുള്ള പ്രദേശങ്ങളെ കൃഷിയോഗ്യമാക്കിയതിൽ പണിയരടക്കമുള്ള ആദിവാസിവിഭാഗങ്ങളുടെ പങ്ക് നിഷേധിക്കാവതല്ല. എന്നിട്ടും, ഭൂപരിഷ്കരണാനന്തരം 'കൃഷിഭൂമി കൃഷിക്കാരന്' പതിച്ചുനൽകിയപ്പോൾ ആദിവാസികൾക്ക് ഭൂമികിട്ടിയില്ല. 1970-കളുടെ ആരംഭംവരെ വയനാട്ടു ജില്ലയിലെ വള്ളിയൂർക്കാവ് ക്ഷേത്രോത്സവനാളിൽ കന്നുകാലികളെ വിൽക്കുകയും വാങ്ങുകയും ചെയ്യുന്നതുപോലെ അവർ കൈമാറ്റം ചെയ്യപ്പെട്ടു. അതിനാൽ അടിമസമുദായങ്ങളിൽനിന്ന് വിദ്യാഭ്യാസം നേടുന്ന ഒന്നാമത്തെയോ രണ്ടാമത്തെയോ തലമുറയാണ് ഇപ്പോഴുള്ളത്. ഇത്തരമൊരവസ്ഥയിൽ സാഹിത്യരംഗത്ത് ആദിവാസികളുടെ പ്രാതിനിധ്യം കുറയുക സ്വാഭാവികം.

അതേസമയം, സമ്പന്നമായ വാമൊഴിസാഹിത്യസമ്പത്തിന് ഉടമകളാണ് കേരളത്തിലെ ആദിവാസികൾ. ലോകത്തിലെങ്ങുമുള്ള ആദിവാസികളുടെ മുഖ്യ സവിശേഷതകളിലൊന്ന്, തലമുറകളായി കൈമാറിവരുന്ന വാമൊഴിസാഹിത്യമെന്ന അക്ഷയഖനിയെ നിലനിർത്തുന്നു എന്നുള്ളതാണ്. എന്നാൽ, പ്രഖ്യാതമായ സാഹിത്യചരിത്രഗ്രന്ഥങ്ങളിലൊന്നും സമീപകാലംവരെ ആദിവാസിവാമൊഴി സാഹിത്യസമ്പത്ത് പരാമർശിക്കപ്പെട്ടിരുന്നില്ല. പ്രാകൃതം, നാടൻ, ശാസ്ത്രീയം എന്നൊക്കെ സാഹിത്യത്തെ തരംതിരിക്കുമ്പോൾ പ്രാകൃതത്തിന്റെ ഗണത്തിലാണ് ആദിവാസി സാഹിത്യത്തെ ഉൾപ്പെടുത്തിയിരുന്നത്. കേരളത്തിലെ ആദിവാസികളുടെ വാമൊഴിഗാന, കഥാസാഹിത്യം ഇന്നും വേണ്ടത്ര ശേഖരിക്കപ്പെട്ടിട്ടില്ല.[5]

മലയാള 'മുഖ്യധാരാ' സാഹിത്യത്തിൽ, ആദിവാസിജീവിതം ഇനിയും വേണ്ടത്ര വിഷയീഭവിച്ചിട്ടില്ല. ചിത്രീകരിക്കപ്പെട്ടവയിൽ പലതും അങ്ങേയറ്റം വികൃതവും കൃത്രിമവുമാണ്. സാഹിത്യത്തിലെ ഈ വികൃതവത്കരണത്തെപ്പറ്റി ആദിവാസി നോവലിസ്റ്റ് നാരായൻ ഇങ്ങനെ പറയുന്നു: "ഒരു കോട്ടയം പ്രസിദ്ധീകരണത്തിൽ ഒരു നോവൽ കാണുവാൻ ഇടയായി. മലയരയവിഭാഗത്തെ കേന്ദ്രീകരിച്ചാണ് ആ കൃതി വന്നത്. അവരുടെ ജീവിതത്തിൽനിന്ന് തികച്ചും വ്യത്യസ്തമായ രീതിയിലും സാംസ്കാരികമായി തികച്ചും വിരുദ്ധമായ രീതിയിലും എഴുതിയിരിക്കുന്നത് കണ്ടു. ഈ അവസരത്തിലാണ് ഞങ്ങളുടെ നിസ്സഹായത ബോദ്ധ്യം വന്നത്. ഒരു കേസ് കൊടുത്താൽപ്പോലും ഇത്തരം കടന്നുകയറ്റത്തെ ചെറുക്കുവാൻ കഴിയില്ല എന്നു ഞങ്ങൾക്കു ബോദ്ധ്യമായി. പ്രസ്തുത നോവൽ പ്രസിദ്ധീകരിച്ചുവന്നിരുന്ന സമയത്ത് ഞാനൊരു കത്ത് പ്രസാധകർക്ക് എഴുതുകയുണ്ടായി. അതിൽ ഇങ്ങനെ എഴുതിയിരുന്നു: 'താങ്കളുടെ പ്രസിദ്ധീകരണത്തിലെ ഇന്ന ആൾ എഴുതുന്ന ഇന്ന നോവലിൽ പരാമർശിക്കുന്ന വിഭാഗത്തിൽ പെട്ടയാളാണ് ഞാൻ. നോവലിസ്റ്റ്




Scanned with CamScanner

പറയുന്നതു പ്രകാരമുള്ള ദുരാചാരങ്ങൾ ഞങ്ങൾക്കിടയിലില്ല. അത് എവിടെയാണുള്ളത്? നോവലിസ്റ്റ് അതു പറയുകയാണെങ്കിൽ അതിന്റെ നിജസ്ഥിതി ബോദ്ധ്യമാക്കാൻ താത്പര്യമുണ്ട്.' എന്നാൽ ആ കത്തിന് യാതൊരു വിധത്തിലുമുള്ള പരിഗണനയും പത്രാധിപർ നൽകിയില്ല."[6]


ആദിവാസികൾ തങ്ങളാൽ വിമോചിക്കപ്പെടേണ്ടവരാണ് എന്ന നവോത്ഥാന പുരോഗമനകലാസാഹിത്യ സങ്കല്പത്തോടെ രചിക്കപ്പെട്ട അപൂർവ്വം കൃതികളും മലയാളത്തിലുണ്ട്. മനുഷ്യവർഗ്ഗത്തെ മുഴുവൻ സ്വാതന്ത്ര്യത്തിലേക്കു നയിക്കേണ്ട കടമ ഒരു പ്രത്യേകവിഭാഗത്തിൽ നിക്ഷിപ്തമാണെന്ന് ഇന്ന് ആരും വിശ്വസിക്കുന്നില്ല. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് നയിക്കപ്പെടേണ്ടവരും സാവിത്രി കൈപിടിച്ചുയർത്തിയ ചാത്തനും നവോത്ഥാനഘട്ടത്തിലെ പഴങ്കഥകളായിരിക്കുന്നു. തൊഴിലാളിവർഗ്ഗമുന്നേറ്റത്തിലൂടെ മനുഷ്യരാശിയുടെ മുഴുവൻ മോചനവും സ്വപ്നം കണ്ടിരുന്ന കാലവും കഴിഞ്ഞിരിക്കുന്നു. ഒരു ജനവിഭാഗവും ഇന്ന് തങ്ങളുടെ മോചനത്തിനായി ഒരു രക്ഷകനെ കാത്തിരിക്കുന്നില്ല. പകരം, അതാത് അധികാരവ്യവസ്ഥക്കെതിരേ പോരാടാൻ സന്നദ്ധമാവുകയാണു ചെയ്യുന്നത്. വിമോചനദൗത്യം എപ്പോഴും അയാളുടെ ആശയലോകത്തിലേക്ക് ഒരു ജനതയെ ഏകീകരിക്കുന്ന രീതിയിൽ ലളിതവത്കരിക്കപ്പെടുകയാണെന്ന തിരിച്ചറിവും ഇന്നുണ്ട്.[7]

മലയാളത്തിലെ ആദിവാസിസാഹിത്യത്തെ രണ്ടായി തരംതിരിക്കാവുന്നതാണ്. ഒന്ന്, ആദിവാസിജീവിതം ആദിവാസികളല്ലാത്തവർ ആവിഷ്കരിക്കുന്നത്. രണ്ട്, ആദിവാസികളിൽ നിന്നുതന്നെ സാഹിത്യത്തിന്റെ മേഖലയിലേക്ക് എത്തിപ്പെട്ടവർ നടത്തുന്ന ആവിഷ്കാരങ്ങൾ. ഇതിൽ ഒന്നാമത്തെ വിഭാഗത്തിൽ രണ്ടുതരം ആവിഷ്കാരങ്ങൾ കാണാം. ഒന്ന്, ആദിവാസിജീവിതം വിഷയമാക്കുന്നു എന്നതൊഴിച്ചാൽ മറ്റുസവിശേഷതകളൊന്നും എടുത്തുപറയാനില്ലാത്തവ. ഗോത്രസംസ്കാരവും ആദിവാസി മിത്തും ഭാഷയും ആചാരാനുഷ്ഠാനങ്ങളും തന്നെ ഇത്തരം രചനകളിൽ കാണാനാവില്ല. ആദിവാസികഥാപാത്രങ്ങൾ ഉണ്ടെന്നുമാത്രം. ഇത്തരം നോവലുകൾ പൊതുവേ യഥാതഥാവിഷ്കാരങ്ങളായിരിക്കും. രണ്ടാമത്തെ വിഭാഗം, ആദിവാസിജീവിതം, സ്വത്വം, ലോകബോധം, പൈതൃകം, ഭാഷ എന്നിവ ആവിഷ്കരിക്കുന്നതും മഹത്ത്വവൽക്കരിക്കുന്നതുമായ രചനകളാണ്. മേൽപ്പറഞ്ഞ രണ്ടുതരം കൃതികൾക്കും മലയാളത്തിൽ ഒട്ടേറെ ഉദാഹരണങ്ങൾ നിരത്തുവാനാകും.


കെ.എം. പണിക്കരുടെ *കേരളസിംഹ*ത്തിലാണ് (1941) ആദിവാസികൾ മലയാള നോവൽ സാഹിത്യത്തിൽ ആദ്യമായി മുഖംകാണിക്കുന്നത്. പഴശ്ശിയുടെ അപദാനങ്ങൾ പ്രമേയമാക്കുന്ന ഈ നോവലിൽ, അദ്ദേഹത്തിന്റെ പടയാളികളായിരുന്ന കുറിച്യരെ ധീരോദാത്തന്മാരായി വിലയിരുത്തുന്നു. എന്നാൽ, 'കുറിച്യ'ജീവിതവും അവരുടെ മിത്തുകളും ആചാരാനുഷ്ഠാനങ്ങളും ഭാഷയുമൊന്നും ഇതിലെ കേന്ദ്രപ്രമേയത്തിന്റെ



കെ.എം. പണിക്കർ



ടി.സി. ജോൺ



കെ.ജെ. ബേബി

ഭാഗമല്ല. പഴശ്ശിയെ അവസാനം ഒറ്റുക്കൊടുത്തത് കുറിച്യവിഭാഗത്തിൽപ്പെട്ട ഒരാളാണെന്ന വാദത്തെ ഈ കൃതി നിഷേധിക്കുന്നു. ഇതൊരു ആദിവാസി നോവലല്ലെങ്കിലും, മുഖ്യധാരാസാഹിത്യത്തിൽ ചെറു 'റോളി'ൽ മുഖംകാണിച്ച് മറയുവാൻ ആദിവാസിക്ക് ഇടം നൽകി എന്നത് എടുത്തു പറയേണ്ടതാണ്.

മേലാള സൗന്ദര്യസങ്കല്പങ്ങൾക്കുള്ളിൽനിന്ന് ആദിവാസിജീവിതം ആവിഷ്കരിച്ച ഏതാനും നോവലുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്. ഈ ഗണത്തിൽപ്പെടുന്ന ടി.സി. ജോണിന്റെ *ഉറാട്ടി* (1977) *തേക്ക്* (1977) *നെല്ല്* (1985) എന്നിവ. ആദിവാസി ജീവിതപരിസരമാണ് ഇവയിൽ ആവിഷ്കരിക്കുന്നത്. ആദിവാസി സംസാരഭാഷ *ഉറാട്ടി*യിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞ മൂന്ന് നോവലുകളും ആദിവാസിജീവിതത്തിന്റെ ദരിദ്രാവസ്ഥയും അറിവില്ലായ്മയും ചൂഷണവുമൊക്കെയാണു വരച്ചിടുന്നത്.

ആദിവാസിജീവിതം ആവിഷ്കരിക്കുന്ന ശ്രദ്ധേയമായ മറ്റുചില അനാദിവാസി രചനകൾ ഇവയാണ്: മലയാറ്റൂരിന്റെ *പൊന്നി* (1967), പി. വത്സലയുടെ *നെല്ല്* (1972), *ആഗ്നേയം* (1974), *ചാവേർ* (1985), വി.എ. തമ്പിയുടെ *പഞ്ചമി* (1981), കെ.ജെ. ബേബിയുടെ *മാവേലിമന്റം* (1991), *നാട്ടുഗദ്ദിക* (1984), കുന്നത്തൂർ ഗോപാലകൃഷ്ണന്റെ കുഴിയൻ (2003), ജോസ് പാഴൂക്കാരന്റെ *കറുത്ത പുലികൾ ജനിക്കുന്നത്* (2012), ഷീലടോമിയുടെ *വല്ലി* (2019). ഇതിൽ *നെല്ലും മാവേലിമന്റവും കറുത്ത പുലികൾ ജനിക്കുന്നതും വല്ലി*യും സവിശേഷപഠനമർഹിക്കുന്ന നോവലുകളാണ്. ആദിവാസി ജീവിതം പരാമർശിക്കുന്ന ഒന്നിലേറെ നോവലുകൾ വത്സല രചിച്ചിട്ടുണ്ടെങ്കിലും *നെല്ലി*ൽ മാത്രമാണ് അതിന്റെ സമഗ്രമായ ആവിഷ്കാരമുള്ളത്. 1970-കളിലുണ്ടായ ഏറ്റവും നല്ല സാമൂഹികകഥയാണ് ഈ നോവലിൽ വിലയിരുത്തപ്പെട്ടതെന്ന് കെ.എം. തരകൻ നിരീക്ഷിക്കുന്നു.[8] ആദിവാസികൾ നേരിടുന്ന പലവിധ ചൂഷണങ്ങൾ, ക്രൂരമായ അടിമത്തം തുടങ്ങി ഓരംതള്ളി നിർത്തപ്പെട്ടിരുന്ന വയനാട്ടിലെ തിരുനെല്ലിയിലും പരിസരത്തും ജീവിക്കുന്ന ഗോത്രജനതയുടെ ജീവിതത്തെ



Scanned with CamScanner

പച്ചയായിവരച്ചുകാട്ടുന്നുണ്ട് *നെല്ല്.* എന്നാൽ, മേലാള സൗന്ദര്യസങ്കല്പങ്ങൾക്കകത്തു നിന്നുകൊണ്ട് കീഴാളജീവിതം ആവിഷ്കരിക്കുമ്പോൾ നേരിടുന്ന ധാരാളം പരിമിതികൾ ഈ നോവലിനുണ്ട്. അഭിജാതമായ സൗന്ദര്യസങ്കല്പങ്ങളുടെ നിരാകരണവും ഒരു ബദൽ സൗന്ദര്യബോധവുമാണ് ദലിത്, ആദിവാസിസാഹിത്യം ഉയർത്തിപ്പിടിക്കുന്നത്. അത്തരമൊരു തലത്തിലേക്ക് ഈ നോവലിനു എത്തിച്ചേരുവാൻ കഴിഞ്ഞിട്ടില്ല. രസസിദ്ധാന്തത്തെ മുൻനിർത്തി വേണമെങ്കിൽ കീഴാള പ്രതിഷേധത്തെയും രസസങ്കല്പത്തിലുൾപ്പെടുത്താമെന്ന വാദം ദലിത് ബുദ്ധിജീവികൾ തള്ളിക്കളയുന്നു. രസമെന്ന സങ്കല്പം തന്നെ വരേണ്യമാണെന്ന് ശരൺകുമാർ ലിംബാളെ[9]. സൂക്ഷ്മവായനയിൽ *നെല്ലിൽ* ഉപയോഗിക്കുന്ന മാനദണ്ഡങ്ങൾ, സൗന്ദര്യസങ്കല്പം, വീക്ഷണം എന്നിവയൊന്നും വിമോചനാത്മകമായ ദലിത്, ആദിവാസിസാഹിത്യത്തിന്റേതല്ല. *നെല്ലിൽ* രാഘവൻ നായർ എന്ന കഥാപാത്രം അടിയരെ 'ഉദ്ധരിക്കുവാൻ' ശ്രമിക്കുന്നുണ്ട്. ഒരർത്ഥത്തിൽ രാഘവൻ നായരുടെ ആശയലോകത്തിലേക്ക് അടിയരെ ഏകീകരിക്കുവാനാണ് അയാൾ ശ്രമിക്കുന്നത്.

കെ.ജെ. ബേബിയുടെ *മാവേലിമന്റം* ആദിവാസിജീവിതം വിമോചനാത്മകമായി ആവിഷ്കരിക്കുന്ന ശക്തമായ നോവലാണ്. അധീശവർഗ്ഗപ്രത്യയശാസ്ത്രത്തോടും അതിന്റെ വൈതാളികരോടും മൽപ്പിടിത്തം നടത്തുവാൻ കരുത്തുകാണിക്കുന്ന ഒട്ടേറെക്കഥാപാത്രങ്ങൾ ഈ നോവലിലുണ്ട്. ആദിവാസികളുടെ സഹനനിർഭരമായ അസ്തിത്വത്തിന്റെ തീക്ഷ്ണമായ കാഴ്ചകൾ ഈ നോവലിൽ നാം അനുഭവിക്കുന്നു. ഈ നോവലിന് ആമുഖമെഴുതിയ സച്ചിദാനന്ദന്റെ ഭാഷയിൽ, പ്രാകൃതഭാവനയുടെ കവിത ഈ ഇരുണ്ട ലോകത്തെപ്പോലും സുഗന്ധിയാക്കുന്നു. മലയാളത്തിൽ, ആദിവാസികളുടെ ഭാഷയും മിത്തുകളും പാട്ടുകളും കഥകളും ഇത്ര മനോഹരമായി കോർത്തിണക്കി അവരുടെ വിമോചനസ്വപ്നങ്ങൾക്ക് ചിറകേകിയ മറ്റൊരു നോവൽ ഇല്ലെന്നു പറയാം. നോവലിൽ, ആദിവാസികളുടെ സംവാദത്തിൽ ആധുനികമനസ്സിന്റെ സങ്കല്പങ്ങളും ഭാഷയും കടന്നുകൂടുന്നുവെന്നും നോവലിസ്റ്റിന്റെ ഭാഷയും കഥാപാത്രങ്ങളുടെ ഭാഷയും വേറിട്ടുനിൽക്കേണ്ടതിനുപകരം ഇടകലർന്നു പോകുന്നുവെന്നും, *മാവേലിമന്റത്തിനെതിരേ* ഉന്നയിക്കപ്പെടാറുള്ള ഒരു ആരോപണമുണ്ട്. എന്നാൽ നോവലിൽ പറയുന്ന പണിയ, അടിയവിഭാഗങ്ങൾ തങ്ങളുടെ 'യജമാന'ന്മാരുടെ ഭാഷ സംസാരിക്കാറുണ്ടെന്നുള്ളതാണു വാസ്തവം. ഇനി ഈ ഭാഷാപ്രശ്നം ഒരു സ്ഖലിതമായി എടുത്താൽപ്പോലും, *മാവേലിമന്റത്തിന്റെ* പ്രമേയം അവയെ നിസ്സംശയം മറികടക്കുന്നുണ്ട്. ഒരു അനാദിവാസി എഴുതിയ 'ആദിവാസിസാഹിത്യനോവലാ'ണ് *മാവേലിമന്റമെന്നു* പറയാം.

അഭിജാതലാവണ്യബോധത്തെ ആന്തരവൽക്കരിക്കുമ്പോഴും ആദിവാസിവർത്തമാനാവസ്ഥയെ അനുഭാവപൂർവ്വം നിരീക്ഷിക്കുകയുംസ്വന്തം ഭൂമിക്കും ജീവിതത്തിനും അസ്തിത്വത്തിനും വേണ്ടി പോരടിക്കുന്ന ഇന്ത്യയിലെ ഒട്ടേറെ ആദിവാസിവിഭാഗങ്ങളുടെ തീക്ഷ്ണമായ ജീവിതാവസ്ഥയെ ചിത്രീകരിക്കുകയുംചെയ്യുന്ന നോവലാണ് ജോസ് പാഴൂക്കാരന്റെ *കറുത്തപുലികൾ ജനിക്കുന്നത്.* നോവലിന്റെ രചനയ്ക്കു പിന്നിലെ കഥ ജോസ് ഇങ്ങനെ പങ്കുവയ്ക്കുന്നു: "വയനാട്ടിലെ ആദിവാസിവിഭാഗമായ പണിയരുടെ ജീവിതചരിത്രത്തിലൂടെ ഇന്ത്യയിലെ ആദിവാസികളടക്കമുള്ള പാവപ്പെട്ട ജനത അനുഭവിക്കുന്ന മണ്ണ്, ജലം, ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം എന്നീ അടിസ്ഥാന പ്രശ്നങ്ങളിലേക്കുള്ള എത്തിനോട്ടമായിരുന്നു എന്റേത്. നൂറ്റാണ്ടുകളായി ഈ മണ്ണിൽ ജനിച്ചവർക്ക് സർവ്വവും നഷ്ടപ്പെട്ടുമ്പോൾ ചെറുത്തുനിൽപ്പ് അനിവാര്യമായിത്തീരുന്ന അവസ്ഥ. സ്വാതന്ത്ര്യം നേടി 65 വർഷങ്ങൾ പിന്നിട്ടിട്ടും ആദിവാസികളുടെ അടിസ്ഥാന പ്രശ്നങ്ങൾപോലും പരിഹരിക്കാൻ ജനാധിപത്യത്തിനായിട്ടില്ല. ഇതിന് ഇന്ത്യയിൽ സമഗ്രമായ ഭൂപരിഷ്കരണം ആവശ്യമാണ്. വ്യക്തിക്ക് കൈവശംവയ്ക്കാവുന്ന മണ്ണിന്റെ അളവ് പുനർനിർണ്ണയിക്കണം. എങ്കിലേ ആദിവാസിപ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളൂ. നോവലിന് ആവശ്യമായ ഇത്തരം കണ്ടെത്തലുകൾക്കുവേണ്ടി വിവിധ സംസ്ഥാനങ്ങളിലൂടെ യാത്രചെയ്ത് ആദിവാസികളുമായി സംസാരിക്കുകയുണ്ടായി."[10]

ആദിവാസിയായി ജനിച്ചയാൾ എഴുതുന്നതു മാത്രമാണ് ആദിവാസി സാഹിത്യമെങ്കിൽ, ആ നിർവ്വചനം ഏറ്റവും യോജിക്കുന്നത് മലയരയവിഭാഗത്തിൽപ്പെട്ട നാരായൻ സ്വസമുദായത്തിന്റെ കഥ പറയുന്ന *കൊച്ചരേത്തി*ക്കാണ്. ഗോത്രജനതയുടെ യഥാർത്ഥ ജീവിതാവസ്ഥകളോടും ഭാഷയടക്കമുള്ള വ്യവഹാരങ്ങളോടും ഗാഢമായി ഉൾച്ചേർന്നുനില്ക്കുന്ന ഈ നോവൽ, ആദിവാസികൾ ആധുനികസമൂഹത്തിൽ നേരിടുന്ന സ്വത്വപ്രതിസന്ധികളുടെ നേർക്കാഴ്ച കൂടിയാണ്. *കൊച്ചരേത്തി*യുടെ പ്രമേയതലം ഇങ്ങനെ ചുരുക്കാം: സമ്പന്നമായ ഒരു ഭൂതകാലംആദിവാസികൾക്കുണ്ടായിരുന്നു. പ്രകൃതിയുമായി ഇടകലർന്ന് ജീവിച്ച കാലം. പ്രകൃതിയും ആവാസവ്യവസ്ഥയും അവർക്ക് ജീവിതത്തിൽ നിന്നു വേറിട്ട ഒന്നായിരുന്നില്ല. അവയുടെ അതിജീവന തന്ത്രങ്ങൾ അവർക്കറിയാമായിരുന്നു. ഇന്ന് പ്രകൃതിതന്നെ അവർക്കു മുന്നിൽ ഒരാപത് സൂചനയായി മാറുന്നു. ഈ യാഥാർത്ഥ്യം പുതിയൊരു ജീവിതാവസ്ഥയിലേക്ക് തിരിയാൻ അവരെ പ്രേരിപ്പിക്കുന്നു. ഈ മാറ്റം നൽകുന്ന പ്രത്യാശകൾക്കിടയിലും, ഗോത്രപാരമ്പര്യവും സംസ്കാരവും നഷ്ടമായതിന്റെ പ്രതിസന്ധി അവരറിയുന്നു. ഏതെങ്കിലും ഒരു ആദിവാസിവിഭാഗത്തിന്റെ കഥയല്ല *കൊച്ചരേത്തി.* ആധുനികതയുടെ കുത്തൊലിപ്പിൽ സർവ്വം നഷ്ടമാകുന്ന മുഴുവൻ ആദിവാസി വിഭാഗങ്ങളുടെയും സത്യസന്ധമായ നേർക്കാഴ്ചയാണ്.

Scanned with CamScanner


ദലിത്, ആദിവാസിസാഹിത്യത്തിലെ ശ്രദ്ധേയമായ ശാഖകളിലൊന്നായ ആത്മകഥകളെക്കൂടി ഈ പ്രബന്ധത്തിൽ പരാമർശിക്കേണ്ടതുണ്ട്. 'മുഖ്യധാരാ'സാഹിത്യത്തിന് അപരിചിതമായിരുന്ന അനുഭവപരിസരമാണ് ഈ കൃതികളിലൂടെ അനാവരണം ചെയ്യപ്പെട്ടത്. സമരനായികമാരായ രണ്ടുപേരാണ് ഈ ആത്മകഥകൾ എഴുതിയത് എന്നതും ശ്രദ്ധേയം. പ്ലാച്ചിമട സമരത്തിലൂടെ ശ്രദ്ധേയയായ മയിലമ്മയുടെയും മുത്തങ്ങാ സമരത്തിലൂടെ പ്രശസ്തയായ സി.കെ. ജാനുവിന്റെയും ആത്മകഥകളാണവ. ഇവ രണ്ടും കേട്ടെഴുത്ത് ആത്മകഥകളാണ്. ഗദ്ദിക കലാകാരനും രാഷ്ട്രീയ-സാംസ്കാരികപ്രവർത്തകനുമായിരുന്ന പി.കെ. കാളന്റെ ജീവചരിത്രം (*ആദിവാസി ജീവിതത്തിന്റെ സമരമുഖം*, എഡി. ഡോ. അസീസ് തരുവണ, ചിന്ത പബ്ലിഷേഴ്സ്) അദ്ദേഹത്തിന്റെ ബഹുമുഖ സംഭാവനകൾ വിവരിക്കുന്നു.

### ആദിവാസി കവികൾ


കേരളത്തിലെ ആദിവാസികൾ പൊതുവേ അക്ഷരാഭ്യാസം നേടിത്തുടങ്ങിയതുപോലും സ്വാതന്ത്ര്യാനന്തരമാണ്. അതിനാൽ ലിഖിത സാഹിത്യമണ്ഡലത്തിൽ ആദിവാസി പ്രാതിനിധ്യം ആദ്യകാലത്ത് ഇല്ലായിരുന്നുവെന്നുതന്നെ പറയാം. കവിത എന്ന സാഹിത്യരൂപം പൊതുവേ വരേണ്യരുടെ ആവിഷ്കാരലോകമായതുകൊണ്ടും അതിന്റെ ചിട്ടവട്ടങ്ങൾ പണ്ഡിതർക്കുമാത്രം വഴങ്ങുന്നതുമാകയാൽ പൊതുവേ സാമാന്യജനത മുഖ്യധാരാ കാവ്യമണ്ഡലത്തിൽ അദൃശ്യരായിരുന്നു. എന്നാൽ ആധുനിക- ആധുനികാനന്തര മലയാളകവിത സൃഷ്ടിച്ച പുതുവഴികൾ ആദിവാസികൾ അടക്കം എല്ലാവർക്കും തങ്ങളുടെ ആത്മാവിഷ്കാരം കവിതയിലൂടെ സൃഷ്ടിക്കുവാനുള്ള തുറവി പ്രദാനം ചെയ്തിരിക്കുന്നു. പെണ്ണെഴുത്ത്, ദലിത് സാഹിത്യം തുടങ്ങിയ പരികല്പനകൾ സൃഷ്ടിച്ച അനന്തസാദ്ധ്യതകൾ ആദിവാസി കവികളെ ഏറെ സ്വാധീനിച്ചിട്ടുണ്ടാവണം. ഇന്ന് മുഖ്യധാരയിൽ എഴുതുന്ന രണ്ടു ഡസനിലേറെ വിവിധ ആദിവാസി വിഭാഗങ്ങളിൽപ്പെട്ട കവികളുണ്ട്. അശോകൻ മറയൂർ (മുതുവാൻ), സുകുമാരൻ ചാലിഗദ്ധ (റാവുള), ധന്യ വേങ്ങച്ചേരി (മാവില), ശിവലിംഗൻ പി. (ഇരുള), മണികണ്ഠൻ (ഇരുള), അജയൻ എം.ജി. (മുള്ളുകുറുമ), ബിന്ദു ദാമോദരൻ (പണിയ), ദാമോദരൻ പണിയൂരാളിൽ (ഉരാളി), ലയേഷ് (പണിയ), പ്രകാശ് കെ. ചെന്തളം (മാവില), രശ്മി സതീഷ് (പണിയ), ഷിബു നിലമ്പൂർ (കാട്ടുനായ്ക്ക), സിന്ധു കാലിചിങ്കീർ (ബെട്ടകുറുമ), അംബിക പ്രതീഷ് (മാവില), ഗാഗപണിയൂരാളിൽ (ഊരാളി), മനോജ് (ഉള്ളാട), രാജേന്ദ്രൻ (മുതുവാൻ), സുനീഷ് സി.വി. (മാവില), സരോജിനി നാരായണൻ പാണത്തൂർ (മലവേട്ടുവ), ഉഷ എസ്. (മാവില), സീന തച്ചങ്ങാട് (മാവില), ബാബു എം. (മാവില), അർച്ചന (കുറിച്യ) എന്നിവർ അവരിൽ പ്രധാനികളാണ്. ഇവരിൽ അധികപേരും സ്വഗോത്രഭാഷയിൽ കവിതയെഴുതുന്നവരാണ്. തങ്ങളുടെ ഗോത്രഭാഷകൾക്ക് ലിപിയില്ലാത്തതിനാൽ മലയാള അക്ഷരങ്ങൾ ഉപയോഗിച്ചാണ് ഇവർ ഗോത്രഭാഷാ കവിതകൾ രചിക്കുന്നത്.



*അശോകൻ മറയൂർ*



*സുകമാരൻ ചാലിഗദ്ധ*



*ധന്യ വേങ്ങച്ചേരി.*

അശോകൻ മറയൂരും സുകമാരൻ ചാലിഗദ്ധയും ധന്യ വേങ്ങച്ചേരിയും മലയാളത്തിലും സ്വഗോത്രഭാഷയിലും എഴുതുന്നവരാണ്. മണികണ്ഠൻ അട്ടപ്പാടി ഇരുള, മലയാളം, തമിഴ് ഭാഷകളിൽ എഴുതുന്ന കവിയാണ്. അശോകൻ മറയൂരിന്റെ മുതുവാൻ ഭാഷയിൽ എഴുതിയ ഒരു കവിത ഇങ്ങനെ :

"അപ്പനവേട്ടിലി/ഒറമൂല കിറി
എന്റകെതൃപിച്ച പൂവ്ട്ട/പാവാടയ്ക്കി
കെത്രോട്ടി/ അറവെലിക്കയിരിക്കിക്കെട്ട
പുണ്ണ്പെട്ട എടമെല്ലാം/കറത്ത പുക
നാണ് ഓടി നടനകാട് ഇവയ്."

(അച്ഛന്റെ മുണ്ടിലൊരു/ മൂല കീറിയെടുത്ത്
എന്റെ കയറുപൊട്ടിയ/പൂവിട്ട പാവാടയ്ക്ക്
കയർ കോർത്തിട്ട്/അര വേദനിക്കെ മുറുക്കി മുറുക്കിക്കെട്ടി
പുണ്ണായയിടമെല്ലാം/കറുത്തുപോകെ
ഞാനോടി നടന്ന കാടിത്.)

അശോകൻ മറയൂർ മുതുവാൻ സമുദായത്തിൽനിന്നുള്ള വരമൊഴിയിലെ ആദ്യകവിയാണ്. തന്റെ ഗോത്രഭാഷയിൽ എഴുതുമ്പോൾ ആത്മവിശ്വാസം വർദ്ധിക്കുന്നതായി അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നുണ്ട്.[11]

റാവുള ഭാഷയിൽ എഴുതുന്ന കവിയാണ് സുകമാരൻ ചാലിഗദ്ധ. എന്നാൽ റാവുള ഭാഷ മലയാളത്തിൽ എഴുതുക ദുഷ്കരമാണ്. പദസമ്പന്നമായ ഈ ഭാഷയിലെ പല പദങ്ങൾക്കും മലയാളത്തിൽ തത്തുല്യപദങ്ങളില്ല. അതിനാൽ റാവുള ഭാഷയിൽ എഴുതി മലയാളത്തിലേക്ക് മൊഴി മാറ്റുവാൻ ഏറെ പ്രയാസമാണെന്ന് സുകമാരൻ പറയുന്നു.

അതിവേഗം അന്യമായിക്കൊണ്ടിരിക്കുന്ന ആദിവാസി ഭാഷയാണ് മാവിലാൻ സമുദായത്തിന്റേത്. സമ്പന്നമായ വമൊഴി സാഹിത്യപാരമ്പര്യമുള്ള ഈ ഗോത്രഭാഷയിൽ വരമൊഴിയിൽ കവിതയെഴുതുന്നവർ ഇന്ന് ഒട്ടേറെയാണ്. അവരിൽ ഏറെ ശ്രദ്ധേയയാണ്



Scanned with CamScanner

ധന്യ വേങ്ങച്ചേരി. ധന്യയുടെ 'ക്റാച്ചൽ' (പുലമ്പൽ) എന്ന കൊച്ചു കവിതയിലിങ്ങനെ :

"എനന്നൊഞ്ചി ചാപ്പെ/കാറ്റ് കൊണ്ടക്
എന്നൊഞ്ചി മണ്ണ്/പരിച്ചള കൊണ്ടക്
എന്നന്...../കാറ്റ്ക്ള പെരിച്ചക്ള
ചാനിക് പണിയെ/പെരിത്ത്ട്ക്ക്ണ
പാലക്ളേഗേ ബേഡാ"

(എന്റെ ഒരു വീട് /കാറ്റുകൊണ്ടുപോയി/ എന്റെ ഒരു മണ്ണ്/ മഴയും കൊണ്ടുപോയി/ എന്നെയോ.../ കാറ്റിനും മഴയ്ക്കും/ എന്തിനു പറയുന്നു/ പെറ്റ മക്കൾക്കേ വേണ്ട)

സ്വഗോത്രഭാഷാഭിമാനിയായ കവിയാണ് അട്ടപ്പാടിയിലെ ശിവലിംഗൻ. ഇരുള ഭാഷയിലാണ് ഇദ്ദേഹം രചന നിർവ്വഹിക്കുന്നത്. തങ്ങളുടെ സമൂഹം നേരിടുന്ന സ്വത്വ- അസ്തിത്വപ്രതിസന്ധികളെയാണ് ശിവലിംഗൻ ഹൃദയസ്പർശിയായ ഭാഷയിൽ ആവിഷ്കരിക്കുന്നത്. 'വെളിയേ' (പുറത്ത്) എന്ന കവിത മികച്ച ഉദാഹരണമാണ്:

"വെടിയാലേ എന്താ വെളിയേ
നാമ് വാള് ന്തേമ് വെളിയേ
തായ് പെന്തെടുത്ത വെളിയേ
പ്ള്ളെ പറഞ്ഞ്ത് വെളിയേ
പ്ള്ളെ വയ്സ്കാ വന്ത വെളിയേ
മാസ്ത തി മൂന്നാള് വെളിയേ പ്ള കെട്ടിനാ വെളിയേ
പ്ളേളക്ക് പ്ള്ളെ പറന്താ വെളിയേ
ശാവാന നെളിയേ ശാവക്ക് ശീറ് വെളിയേ
നാമ് വാള്തേമ് കാടിതി വന്തേവാശി വന്തെ കാട്കേ പിന്നെമ് നാമ് വെളിയേ
ഇനി നാമ് എപ്പ ഉള്ളു?"


ശിവലിംഗൻ

(അതിരാവിലെ എണീറ്റ് പുറത്തേക്ക് ഞങ്ങൾ ജീവിച്ചു/ പുറത്ത് അമ്മ പ്രസവിച്ചെടുത്തു/ പുറത്തേക്ക് കുട്ടി ജനിച്ചു/ പുറത്തേക്ക് കുട്ടി/ പ്രായപൂർത്തിയാൽ മാസത്തിൽ മൂന്ന് ദിവസം പുറത്തേക്ക്/ കുട്ടി കല്യാണം കഴിച്ചു പുറത്തേക്ക്/ കുട്ടിക്ക് കുട്ടി ജനിച്ചാൽ പുറത്തേക്ക്/ മരണമായാൽ പുറത്ത് മരണത്തിന് അടിയന്തിര ചടങ്ങ് പുറത്ത്/ ഞങ്ങൾ ജീവിച്ച കാട്ടിൽ കുടിയേറ്റക്കാർ വന്ന കാട്ടിലേക്ക് പിന്നെയും ഞങ്ങൾ പുറത്ത്/ ഇനി നമ്മൾ എപ്പോഴാണ് അകത്തേക്ക്?).



Scanned with CamScanner

ഇരുള ഭാഷയിൽ എഴുതുന്ന മറ്റൊരു പ്രമുഖ കവിയാണ് മണികണ്ഠൻ അട്ടപ്പാടി. അതിവേഗം മണ്മറഞ്ഞു പൊയ്ക്കൊണ്ടിരിക്കുന്ന ഇരുളഭാഷയെ വീണ്ടെടുക്കുവാനും ഭാഷയുടെ ശക്തി വെളിപ്പെടുത്തുവാനുമാണ് താൻ സ്വഗോത്ര ഭാഷയിൽ കവിതയെഴുതുന്നത് എന്നാണ് മണികണ്ഠൻ പറയുന്നത്. 'വ്ള്ളിമീന്ക' (നക്ഷത്രങ്ങൾ) എന്ന കവിതയിലൂടെ മനുഷ്യത്വരഹിതമായ സമകാലികാവസ്ഥകളെ വരച്ചിടുകയാണ് മണികണ്ഠൻ അട്ടപ്പാടി:

"വ്ള്ളമീൻക ഇറ് ക്കമൊന
അവ്ളവ് വല്ലത്
ബല്ലത ഇറ്ക്ക മാനത്തെ കണത്തെ മന്സൻത്ത് മനസ് എ്റികാറ് !
കല്ലെടുത്ത്
സോറ് ക്ട്ട്
വര്കവനെ
മനസേ ഇല്ലാത്ത് മന്സറ്
ഉസ്റോടെ കയ്യ് കോണ്ടി
പ്പെക്കാറ് വ്ള്സത്തെപാക്കവറ്ക്ക്
പൊറാമെ വ്ടിവെത്ത് വ്ത്കാക്ക് നെനെക്കാര് കൊള്ളി മീന്കളെ കൊന്ത്
കോട്ടെക്ക് കതാറ്?"

(നക്ഷത്രങ്ങളുള്ള വാനം എത്രയോ വലുത്.
വിശാലമായ മാനത്തെപ്പോലെ മനുഷ്യന്റെ മനസ്സുണ്ടോ?
കല്ലിൽ തട്ടി വീഴുന്നവനെ കല്ലെടുത്തെറിയുന്നു!
അന്നം ചോദിച്ച് വരുന്നവനെ മനുഷ്യത്വമില്ലാ മനുഷ്യർ ജീവനോടെ കുഴിച്ചു മൂടുന്നു
നക്ഷത്രങ്ങളുടെ വെളിച്ചത്തെ കാണുന്നവർക്ക് അസൂയ,
വെടിവെച്ച് വീഴ്ത്തുവാൻ വിചാരിച്ചിടുന്നു!
വെട്ടിത്തിളങ്ങുന്ന നക്ഷത്രങ്ങളെ കൊന്ന് കോട്ട കെട്ടുന്നതാര്?)

കേരളം മലയാളികളുടെ മാത്രം മാതൃഭൂമിയല്ലെന്ന യാഥാർത്ഥ്യമാണ് ഈ കവികൾ ഉറക്കെ പറയുന്നത്. കേരളത്തിലെ മുപ്പത്തിയാറ് ആദിവാസിഭാഷകളും നിലനില്പുഭീഷണി നേരിടുന്ന ഇക്കാലത്ത്, ആ ഭാഷയെ സർഗ്ഗാത്മകമായി തിരികെപ്പിടിക്കാനുള്ള ശ്രമങ്ങൾക്ക് പ്രസക്തിയുണ്ട്. കവി പി. രാമൻ നിരീക്ഷിച്ചതുപോലെ, സംസ്കൃത അധിനിവേശത്തിനു മുമ്പുള്ള ദ്രാവിഡസംസ്കൃതിയുടെ നേർവേരുകളിൽ നിന്നുള്ള പൊട്ടിച്ചിനപ്പുകളായി ഈ കവിതകളെ കാണാനാവും. കുറിഞ്ഞിത്തിണയിൽ പെട്ട സംഘം കവിതകളിലെ ജീവിതവും പ്രകൃതിയും സംസ്കാരവും ഓർമ്മയിലുണർത്താൻ പോരുന്നവയാണ് ഈ കവിതകളിൽ പലതും. ഇങ്ങനെ കേരള കവിതയിലെ മുറിഞ്ഞുപോയ പാരമ്പര്യങ്ങളുടെ വീണ്ടെടുപ്പായി ഈ കവിതകൾ പുതിയ വായനക്കാർക്കു മുന്നിൽ ഉണർവ്വോടെ എത്തുന്നു.

Scanned with CamScanner

സംഭവിച്ച് കൊണ്ടിരിക്കുകയാണ്.



## കുറിപ്പുകൾ

1. രാജഗോപാലൻ, സി.ആർ. *കാവേറ്റം: നാടൻ കലാപഠനങ്ങൾ* (പുറം: 65), തൃശ്ശൂർ: നാട്ടറിവുപഠനകേന്ദ്രം
2. Dangle, Arjun (ed). *Poisoned Bread* (page 264). Bombay: Orient Longman, 1994
3. രാജഗോപാലൻ, സി.ആർ. *നാട്ടുസംഗീതം* (പുറം 24). കോട്ടയം: ഡി.സി. ബുക്സ്, 2004
4. സച്ചിദാനന്ദൻ, കെ. *ഇന്ത്യൻ സാഹിത്യത്തിന്റെ വർത്തമാനം: സംസ്കാരത്തിന്റെ രാഷ്ട്രീയം* (പുറം 231). ലീഡ് ബുക്സ്, 2013
5. പങ്കജാക്ഷൻ, എം.ആർ., ഡോ. കുമാരൻ വയലേരി, സീലിയാ തോമസ് തുടങ്ങി അംഗുലീപരിമിതരായ ഗവേഷകരുടെ പ്രവർത്തനങ്ങളെ വിസ്മരിക്കുന്നില്ല.
6. മനോജ്, എം.ബി. (ഡോ). *ദേശം, ദേശിമാർഗ്ഗസാഹിത്യമെന്ന ഉപാദാനസാമഗ്രി.* (എഴുത്തിൽ ആദിവാസികൾ പ്രവേശിക്കുമ്പോൾ- നാരായനുമായുള്ള അഭിമുഖം). കോട്ടയം: പാപ്പിറസ് ബുക്സ്, 2001
7. ഷംഷാദ് ഹുസൈൻ (ഡോ). *ആഭ്യന്തരബഹളങ്ങൾ, അന്തർപാഠങ്ങൾ* (*നെല്ലിന്റെ* ആമുഖപഠനം, പുറം 7). കോട്ടയം: ഡി സി ബുക്സ്
8. തരകൻ, കെ.എം. *മലയാള നോവൽസാഹിത്യചരിത്രം*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 1990
9. Limbale, Sharan Kumar. *Towards an Aesthetic of Dalit Literature.* New Delhi: Orient Blackswan, 2004
10. ജോസ്, പാഴൂക്കാരൻ. *കറുത്ത പുലികൾ ജനിക്കുന്നത്* (ആമുഖം). കോട്ടയം: ഡി സി ബുക്സ്, 2012
11. *ഭാഷാപോഷിണി*, മാർച്ച് 2019, ലക്കം 3.

Scanned with CamScanner